ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- അമ്പലപ്പുഴ ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- കൊറ്റംകുളങ്ങര ദേവസ്വം പഞ്ചവാദ്യം ശ്രീഅജേഷ്.കെ. മുല്ലയക്കൽ ദേവസ്വം പഞ്ചവാദ്യം ശ്രീ. റ്റി.ആർ. ഉണ്ണികൃഷ്ണൻ, അമ്പലപ്പുഴ ദേവസ്വം പഞ്ചവാദ്യം ശ്രീ. ശ്രീജിത്ത്. ആർ. നായർ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ. അജേഷ്.കെ.പണിക്കർ. (കൊറ്റൻകുളങ്ങര ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കളർകോട്, ചാലിനാരായണപുരം, കൊറ്റൻകുളങ്ങര എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുളളത്. എന്നാൽ ടിയാനെ ചാലിനാരായണപുരം ദേവസ്വത്തിലോ, കൊറ്റൻകുളങ്ങര ദേവസ്വത്തിലോ നിലനിർത്തണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ അപ്പീൽ പരിഗണിച്ച് കൊറ്റൻകുളങ്ങര ദേവസ്വത്തിൽ തുടരുന്നതിന് ഉത്തരവാകുന്നു.

2. ശ്രീ. റ്റി.ആർ. ഉണ്ണികൃഷ്ണൻ. (മുല്ലയ്ക്കൽ ദേവസ്വം)

ടിയാൻ പൊതു സ്ഥലംമാറ്റത്തിൽ ചാലീനാരായണപുരം, വലിയകലവൂർ, കളർകോട് എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഒരു വർഷം, രണ്ട് വർഷം പൂർത്തിയായിട്ടുളള പലരേയും സ്ഥലം മാറ്റിയിട്ടുളളതായും ടിയാനെ പരിഗണിക്കണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാൻ അർഹനല്ലാത്തതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3. ശ്രീ. ശ്രീജിത്ത്. ആർ. നായർ. (അമ്പലപ്പുഴ ദേവസ്വം)

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ ചാലിനാരായണപുരം, ചേർത്തല, വൈക്കം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുളളത്. ആകയാൽ ചാലീനാരായണപുരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാൻ അർഹനല്ലാത്തതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelathi

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

<u>പകർപ്പ്:-</u>

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അമ്പലപ്പുഴ.
2. സെക്ഷൻഫയൽ.
3. EDP Section

ശ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ് :0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്

**ആർ.ഒ.സി. 38/16/മിസ് എ** | **തിരുവനന്തപുരം, 15/07/2016.**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016 - 17 ലെ അമ്പലപ്പുഴ ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന: - ചങ്ങംകരി ദേവസ്വം വാച്ചർ ശ്രീ.എസ്. മധുവിന്റെ 6.6.2016 ലെ അപേക്ഷ.

പൊതുസ്ഥലംമാറ്റത്തിൽ ശ്രീ.എസ്.മധുവിന്റെ ആദ്യ ചോയ്സായ ഇരട്ടക്കുളങ്ങര ദേവസ്വം അനുവദിച്ചിട്ടുണ്ടെന്നും, എന്നാൽ അപ്പീൽ അപേക്ഷയിൽ മറ്റാർക്കെങ്കിലും ടി ദേവസ്വം നൽകപ്പെടുകയാണെങ്കിൽ ടിയാൻ ഇപ്പോൾ ജോലിചെയ്തുവരുന്ന ചങ്ങംകരി ദേവസ്വത്തിൽ നിലനിർത്തുന്നതിന് അപേക്ഷയിൽ ബോധിപ്പിച്ചു.

ശ്രീ.എസ്.മധു ആവശ്യപ്പെട്ട ദേവസ്വം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ദേവസ്വത്തിലേയ്ക്ക് മറ്റ് അപേക്ഷകരില്ല. മേൽ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ടി സ്ഥലംമാറ്റങ്ങൾ 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അമ്പലപ്പുഴ
2. ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3. ഫെയർ ആഫീസ് കോപ്പി.

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

1/3

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
19 /07/2016.

ആർ.ഒ.സി.നം. 41/16/എസ്.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- 2016-17-ലെ അമ്പലപ്പുഴ ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള അപ്പീൽ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്.

സൂചന:- ശാന്തിക്കാരുടെ അപേക്ഷകൾ.

2016-17-ലെ അമ്പലപ്പുഴ ഗ്രൂപ്പിനുള്ളിലെ സ്ഥലം മാറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകളിന്മേൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

### 1. ശ്രീ. എൻ. നാരായണൻ നമ്പൂതിരി

ആവശ്യപ്പെട്ട ദേവസ്വങ്ങൾ കളർകോട്, ഇരട്ടകുളങ്ങര എന്നീ ക്രമത്തിലാണ്. എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റം നൽകിയതെന്ന് അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുന്നു.

ശ്രീ. എൻ. നാരായണൻ നമ്പൂതിരിയുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന്റെ ഒന്നാമത്തെ ചോയിസായ കളർകോട് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റുന്നു.

കളർകോട് ദേവസ്വത്തിലേയ്ക്ക് മാറ്റിയിരുന്ന ശ്രീ. കൃഷ്ണമൂർത്തിയെ മുല്ലയക്കൽ കീഴ്ശാന്തിയായി നില നിറുത്തിയും, ശ്രീ. അനീഷ്കുമാറിനെ കൂട്ടുമ്മേൽ ദേവസ്വത്തിൽ നിലനിറുത്തിയും ഉത്തരവാകുന്നു.

### 2. ശ്രീ. കെ.പി. അനന്തപത്മനാഭൻ

ആവശ്യപ്പെട്ട ദേവസ്വങ്ങൾ ചേർത്തല, ചാലിനാരായണപുരം, വല്ലാരിമംഗലം എന്നീ ക്രമത്തിലാണ്. ടിയാന്റെ ഒന്നാമത്തെ ചോയിസായ ചേർത്തല ദേവസ്വം പരിഗണിക്കണ മെന്നതാണ് അപ്പീലിലെ ആവശ്യം.

ശ്രീ അനന്തപത്മനാഭൻ ആവശ്യപ്പെട്ട ഒന്നും രണ്ടും ചോയിസുകളിൽ സീനയർമാർക്ക് നൽകിയതിനാലും ടിയാന്റെ മൂന്നാമത്തെ ചോയ്സ് അനുവദിച്ചിട്ടുള്ളതിനാലും അപ്പീൽ നിരസിക്കുന്നു.

### 3. ശ്രീ. ശങ്കരൻ നമ്പൂതിരി

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- ഇരട്ടകുളങ്ങര, കൊറ്റംകുളങ്ങര, കളർകോട് എന്നീ ക്രമത്തിലാണ്. ടിയാൻ ആവശ്യപ്പെടാത്തതും മുമ്പ് ജോലി നോക്കിയിട്ടുള്ളതുമായ ചങ്ങംകരി ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും, ആകയാൽ ടിയാന്റെ ഒന്നാമത്തെ ചോയിസായ ഇരട്ടകുളങ്ങര ദേവസ്വം പരിഗണിക്കണമെന്നുമാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. ശങ്കരൻ നമ്പൂതിരിയുടെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് ടിയാന്റെ ഒന്നാമത്തെ ചോയിസായ ഇരട്ടകുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റുന്നു.

(മറുപുറം)

ഇരട്ടകുളങ്ങര കീഴ്ശാന്തിയായി മാറ്റിയ മുല്ലയ്ക്കൽ കീഴ്ശാന്തി ശ്രീ. ശ്രീവത്സത്തിനെ പ്രസ്തുത ദേവസ്വത്തിൽ തുടരാൻ അനുവദിക്കുന്നു.

## 4. ശ്രീ. എസ്. ശ്രീകാന്ത്

2016-ലെ പൊതുസ്ഥലം മാറ്റത്തിൽ മൂന്നു വർഷം പൂർത്തിയായിട്ടില്ലാത്ത തിനാൽ ഗ്രൂപ്പിനുള്ളിലെ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്തതും വണ്ടാനം ശിവൻ നട ദേവസ്വത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതും ആണ്. ആയതിനെതിരെയാണ് ടിയാൻ അപ്പീൽ നൽകിയത്.

ശ്രീ. ശ്രീകാന്തിന്റെ അപേക്ഷ പരിഗണിച്ച് ചങ്ങംകരി ദേവസ്വത്തിൽ നില നിറുത്തുന്നു.

## 5. ശ്രീ. സി.പി. അനിൽകുമാർ

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- ചാലിനാരായണപുരം, വലിയകലവൂർ എന്നീ ദേവസ്വങ്ങളിലേയ്ക്കോ, അല്ലാത്ത പക്ഷം ഇപ്പോൾ ജോലി ചെയ്യുന്ന വല്ലാരിമംഗലം ദേവസ്വം ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. സി.പി. അനിൽകുമാർ ആവശ്യപ്പെട്ട ഒന്നും രണ്ടും ചോയിസുകളിൽ സീനിയർമാർക്ക് നൽകിയിട്ടുള്ളതിനാലും മൂന്നാമത്തെ ചോയിസിൽ മറ്റൊരുപേ-ക്ഷകനുള്ളതിനാലും ടിയാന്റെ അപ്പീൽ നിരസിക്കുന്നു.

## 6. ശ്രീ. കെ.എസ്. ഷിബു.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ - ചേർത്തല വല്ലാരിമംഗലം, വലിയകലവൂർ, ചാലിനാരായണപുരം എന്നീ ക്രമത്തിലാണ് ആവശ്യപ്പെട്ടതെന്നും, എന്നാൽ ടിയാനെ പരിഗണിച്ചില്ലായെന്നുമാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. കെ.എസ്. ഷിബു ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വത്തിൽ ഒരു വർഷം പോലും പൂർത്തിയായിട്ടില്ലാത്തതാണ് ആയതിനാൽ അപേക്ഷ നിരസിക്കുന്നു.

## 7. ശ്രീ. എച്ച്. അനീഷ്കുമാർ

വണ്ടാനം ദേവസ്വത്തിൽ ശിവൻ നട ശാന്തിയായി അപേക്ഷ ഹാജരാക്കിയി രുന്നുവെന്നും, അത് നൽകാൻ സാധിയ്ക്കുന്നില്ലെങ്കിൽ കൂട്ടുമ്മേൽ ദേവസ്വത്തിൽ നിലനിറുത്തേണ്ടാതാണ് എന്ന് അപ്പീലിൽ അഭ്യർത്ഥിക്കുന്നു.

ശ്രീ. എച്ച്. അനീഷ് കുമാറിന്റെ വണ്ടാനം ദേവസ്വത്തിലേയ്ക്കുള്ള സ്ഥലം മാറ്റം നിരസിച്ചും ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വത്തിൽ തുടരുന്നതിനും അനുവദിക്കുന്നു.

ഈ ഉത്തരവ് 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അമ്പലപ്പുഴ.
2. സെക്ഷൻഫയൽ. (3) ഇ.ഡി.പി. സെക്ഷൻ.

ശ.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 40/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- അമ്പലപ്പുഴ ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- ചങ്ങംകരി ദേവസ്വം കഴകം ശ്രീ. പി.ബി. പ്രകാശ് ബാബു, കൂട്ടുമ്മേൽ ദേവസ്വം കഴകം ശ്രീ. പി.ഹരികുമാർ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ. പി.ഹരികുമാർ (കൂട്ടുമ്മേൽ ദേവസ്വം)

ടിയാന്റെ പൊതു സ്ഥലം മാറ്റത്തിൽ വിരമിക്കാൻ രണ്ടു വർഷം മാത്രമുള്ളതിനാൽ സൗകര്യപ്രദമായ കല്ലംമ്പള്ളി ദേവസ്വത്തിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടെന്നും ആയതു പരിഗണിച്ചില്ലെന്നും ടി ദേവസ്വത്തിലേക്കു മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം.

നിലവിലിരിയ്ക്കുന്ന ദേവസ്വത്തിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുന്നു.

2. ശ്രീ. പി.ബി.പ്രകാശ് ബാബു. (ചങ്ങംകരി ദേവസ്വം)

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ കല്ലംമ്പള്ളി, കൂട്ടുമ്മേൽ, മേക്കാട് എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേക്കാണ് സ്ഥലം മാറ്റിയതെന്നും കല്ലമ്പള്ളി ദേവസ്വത്തിലേക്ക് മാറ്റം നൽകണമെന്നു മാണ് അപ്പീലിലെ ആവശ്യം.

ടിയാൻ സർവ്വീസ് സീനിയറായതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് കല്ലംമ്പള്ളി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും കല്ലംമ്പള്ളി ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകിയ ശ്രീമതി വസന്തകുമാരിയെ ആനന്ദേശ്വരത്ത് നിലനിർത്തി ഉത്തരവാകുന്നു.

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അമ്പലപ്പുഴ
2. സെക്ഷൻഫയൽ.
3. ഫെയർ ആഫീസ് കോപ്പി.
4. EDP Section